ഹരിതകേരളം മിഷൻ
കേരള സർക്കാർ

08.10.2018

## പത്രക്കുറിപ്പ്

# നൈപുണ്യ കർമ്മസേനക്ക് അനുമോദനം
## മന്ത്രി ടി.പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

പ്രളയ ദുരന്ത മേഖലകളിൽ മാതൃകാപരമായി പ്രവർത്തിച്ച നൈപുണ്യ കർമ്മസേനയിലെ അംഗങ്ങളെ ഹരിതകേരളം മിഷനും വ്യാവസായിക പരിശീലന വകുപ്പും ചേർന്ന് ആദരിക്കുന്നു. തിരുവനന്തപുരം വിജെ.ടി ഹാളിൽ ഇന്ന് (09.10.2018) രാവിലെ 10 മണിക്ക് നടക്കുന്ന അനുമോദന ചടങ്ങ് ബഹു.തൊഴിൽ നൈപുണ്യം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീ.വി.എസ് ശിവകുമാർ എം.എൽ.എ. അധ്യക്ഷത വഹിക്കും. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ മുഖ്യ പ്രഭാഷണം നടത്തും. ശ്രീ.ബി.സത്യൻ എം.എൽ.എ, നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പ്, വ്യാവസായിക പരിശീലന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ബി.ബാലചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും. ഹരിതകേരളം മിഷനുമായി ചേർന്നുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പിലെ ട്രെയ്നികളും ഇൻസ്ട്രക്ടർമാരും മറ്റ് ജീവനക്കാരും അടങ്ങുന്ന 3000 ൽ അധികം പേർ അടങ്ങിയ നൈപുണ്യ കർമ്മസേന പ്രളയ ദുരന്ത ബാധിത മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കൊപ്പം വീടുകളിലെ കേടായ ഉപകരണങ്ങൾ, ഇലക്ട്രിക് വയറിംഗ്, കാർപ്പന്ററി, വെൽഡിംഗ് തുടങ്ങിയ അറ്റകുറ്റപ്പണികളും നടത്തി. കഴിഞ്ഞ മാസം 9 വരെയുള്ള കാലയളവിൽ 5480 വീടുകളിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ നൈപുണ്യ കർമ്മസേനയുടെ സേവനം ലഭ്യമാക്കി. ഇതുവഴി 4737 വീടുകളിലെ വൈദ്യുതവിതരണ സംവിധാനങ്ങളും 1327 വീടുകളിലെ പ്ലംബിംഗ് ജലവിതരണ സംവിധാനങ്ങളും 1079 ഇലക്ട്രോണിക് എയർ കണ്ടീഷനിംഗ് ഉപകരണങ്ങളും 776 വീടുകളിൽ വാതിൽ, ജനൽ, മറ്റ് ഫർണീച്ചറുകൾ എന്നിവയുടെ കേടുപാടുകളും തീർത്ത് പുനസ്ഥാപിക്കാനായി.

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**